

# അതുക്കും മേലേ..!

## FACTFILE

**Project Type:** Villa Interior **Location:** Thalassery **Client:** Raheem
**Designer:** A. M. Faisal **Design Style:** Contemporary interior **Area:** 2550 sq. ft
**Completed In:** 2014



**നി**രനിരയായുള്ള വില്ലകൾ. ട്രെഡീഷണൽ എലമെന്റുകൾ വ്യക്തമായി പ്രകടമാക്കുന്ന എലവേഷൻ. വില്ലകളുടെ ആ നിരയിൽ നിന്നും റഹീമിന്റെ വില്ലയെ വേറിട്ടു നിർത്തുന്നത് പൂർണ്ണമായും കണ്ടംപററി ശൈലിയിൽ ഒരുക്കിയ അതിന്റെ ഇന്റീരിയർ തന്നെയാണ്. കണ്ടംപററി സ്റ്റൈൽ എന്നു മാത്രം പറഞ്ഞാൽ, ഈ വില്ലയ്ക്കു വേണ്ടി ഡിസൈനർ എ. എം ഫൈസൽ ഒരുക്കിയ ഇന്റീരിയർ ലേ ഔട്ടിനെ കുറിച്ച് കൃത്യമായൊരു ചിത്രം കിട്ടിയെന്നു വരില്ല. ലക്ഷ്വറി സൗകര്യങ്ങളുടെ സ്വർഗീയമായൊരു അനുഭൂതിയാണ് ഈ വില്ലയുടെ ഇന്റീരിയർ നമുക്കു സമ്മാനിക്കുന്നത്. ചില ഡിസൈൻ എലമെന്റുകളുടെ സൗന്ദര്യം അടുത്തറിയുമ്പോൾ, "അതുക്കും മേലേ... " എന്നു നാം നമ്മെ തന്നെ തിരുത്തി കളഞ്ഞെന്നും വരാം...

ആഢംബരത്തിനു വേണ്ടിയൊരുക്കിയ ആഢംബരം ഈ വില്ലയുടെ ഇന്റീരിയറിൽ കണ്ടെത്താൻ കഴിയില്ല. യൂട്ടിലിറ്റിയ്ക്കും വീട്ടുകാരുടെ ഇഷ്ടങ്ങൾക്കും പ്രാധാന്യം നൽകി ഡിസൈൻ ചെയ്ത വില്ലയ്ക്ക് 2550 സ്ക്വയർ ഫീറ്റ് വിസ്തൃതിയുണ്ട്. മഞ്ചേരി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന നിർമാൺ ഡിസൈൻസിലെ ചീഫ് ഡിസൈനർ എ. എം ഫൈസലിനാണ് വില്ലയുടെ ഇന്റീരിയർ സുന്ദരമാക്കിയതിന്റെ മുഴുവൻ ക്രെഡിറ്റും. 1498 സ്ക്വയർ ഫീറ്റാണ് ഗ്രൗണ്ട് ഫ്ളോർ. 1052 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുണ്ട് ഫസ്റ്റ് ഫ്ളോറിന്.

**ലിവിംഗ്**

പെർഗോയുടെ ലാമിനേറ്റഡ് വുഡൻ ഫ്ളോർ ആണ് ഫോർമൽ ലിവിംഗ് ഏരിയയുടെ ഫ്ളോറിന് അഴകു പകരുന്നത്. ഇംപോർട്ട് ലെതർ സോഫയും ലെതറും ഗ്ലാസ്സും ചേർന്ന ടീ പോയുമെല്ലാം ഇന്റീരിയറിന് മോഡേൺ ലുക്ക് പകരുന്നുണ്ട്. ഗ്ലോ ബോർഡ് ഉപയോഗിച്ച് ഹൈലൈറ്റ് ചെയ്ത ചുമരിൽ എസ് എസ് സ്ട്രിപ്പുകളും നൽകിയിട്ടുണ്ട്. വാളിലെ ഗ്ലോബോർഡ് ക്ലാഡ്ഡിംഗ് സീലിംഗിലേക്കു കൂടി വ്യാപിപ്പിച്ചിരിക്കുന്നു. ഗ്ലോ ബോർഡും ജിപ്സവുമാണ് ഇവിടെ ഫാൾസ് സീലിംഗ് ഒരുക്കുന്നത്. പ്ലൈ വുഡും വെനീറും ഉപയോഗിച്ചു നിർമ്മിച്ച ഒരു ക്യൂരിയോ റാക്കും ഷെൽഫും ഇവിടെ കാണാം. വെള്ള നിറത്തിലുള്ള ഡ്യൂകോ പെയിന്റ് ഫിനിഷാണ് ഈ ക്യൂരിയോ റാക്കിനും ഷെൽഫിന്റെ കൗണ്ടറിനും നൽകിയത്. ക്ലോത്ത ഉപയോഗിച്ചുള്ള റോമൻ ബ്ലൈൻഡ് ആണ് ഇവിടെ. ക്ലോസ്സ്ഡ് ആയൊരു കൺസെപ്റ്റിലാണ് ഇവിടെ ലിവിംഗ് റൂം ഒരുക്കിയത്.

**ഡൈനിംഗ്**

ഇംപോർട്ട് ചെയ്ത ഡൈനിംഗ് ടേബിളും



ചെയറുകളുമാണ് ഡൈനിംഗിന് ലക്ഷ്വറി ഫീൽ പകരുന്നത്. ലെതർ, വുഡ്, ഗ്ലാസ്സ് എന്നിവയുടെ ഒരു കോമ്പിനേഷനിലാണ് ഈ ഡൈനിംഗ് യൂണിറ്റ് ഒരുക്കിയിരിക്കുന്നത്. ഇംപോർട്ട് ചെയ്ത മനോഹരമായൊരു പാൻട്രി ടേബിളും ഇവിടെ കാണാം. ജിപ്സം, വെനീർ, എസ് എസ് സ്ട്രിപ്പ് എന്നിവ ഉപയോഗിച്ച് ഫാൾസ് സീലിംഗ് നൽകി ലിവിംഗിനെ മനോഹരമാക്കിയിട്ടുണ്ട്.

ഫോയറിൽ നിന്ന് നോക്കിയാൽ കാണാവുന്ന അക്വേറിയമാണ് ഇന്റീരിയറിലെ മറ്റൊരു കൗതുകം. അതിനു മുകളിലായി വെനീറും പ്ലൈയും ഉപയോഗിച്ച് ഒരു ഓവർ ഹെഡ് റാക്ക് നിർമ്മിച്ച് ഷോ പീസുകൾ പ്രദർശിപ്പിച്ചി



അപ്പർ ലിവിംഗ്. ഇംപോർട്ട് ചെയ്ത മനോഹരമായൊരു ഷാൻഡ് ലിയറും കാണാം.

റോയൽ ഫീൽ പകരുന്ന ഇംപോർട്ടഡ് ഡൈനിംഗ് ടേബിൾ യൂണിറ്റ് ഡൈനിംഗ് ഏരിയയ്ക്ക് സൗന്ദര്യം പകരുന്നു.



കണ്ടംപററി സ്റ്റൈലുമായി വീടിന്റെ എക്സ്റ്റീരിയർ



അപ്പർ ലിവിംഗ്. മറ്റൊരു കാഴ്ച.

തൂവെണ്മയെ പ്രണയിച്ച് ബെഡ് റൂമുകൾ







രിക്കുന്നു. വെങ്ക ഫിനിഷിനോടുള്ള ക്ലൈന്റ്
ന്റെ താൽപ്പര്യം കണക്കിലെടുത്ത് ഇന്റീ
യറിൽ പലയിടത്തും വെങ്ക വെനീർ ഫിന
ഷാണ് ഉപയോഗിച്ചിരിക്കുന്നത്. ഡൈനിംഗ്
ഫോയർ എന്നിവിടങ്ങളിലെയെല്ലാം ഫ്ളോ
ഒരുക്കിയിരിക്കുന്നത് വിട്രിഫൈഡ് ടൈൽ
പയോഗിച്ചാണ്.

## കിച്ചൻ

നാച്യുറൽ സ്റ്റോൺ ക്ലാഡ്ഡിംഗും എസ്
എൽ സി ഡി ടിവി എന്നിവയുടെയെല്ലാം സ
ന്നിധ്യം കിച്ചനെ അൽപ്പം വ്യത്യസ്തമാക്ക
ന്നുണ്ട്. ഡൈനിംഗിന്റെ അരികിലാണ് കി
ന്റെ സ്ഥാനം. സിലിട്രിക്കൽ ആകൃതിയില
ള്ളൊരു ഐലന്റ് കിച്ചനാണ് ഇത്. മറൈ
പ്ലൈ, വെങ്ക വെനീർ എന്നിവയാണ് കിച്ച
കാബിനറ്റുകളുടെ നിർമ്മാണത്തിന് ഉപയോ
ഗിച്ച മെറ്റീരിയലുകൾ. നാനോ വൈറ്റാണ
കൗണ്ടർ ടോപ്പിന്. കിച്ചനോട് ചേർന്നു വര
ന്ന ബ്രേക്ക് ഫാസ്റ്റ് ഏരിയയുടെ കൗണ്ട
ടോപ്പിനും നാനോ വൈറ്റ് തന്നെ ഉപയോ
ഗിച്ചു. മൈക്രോവേവ് ഓവ്ൻ, ഡിഷ് വാഷ
എന്നിവയ്ക്കെല്ലാം ഇൻബിൽറ്റ് സ്പെയ്സ
കൾ നൽകിയിരിക്കുന്നു. കിച്ചനിൽ നിന്നു
വർക്കിംഗ് ഏരിയയിലേക്ക് സ്ലൈഡിംഗ് ഡോ
റാണ് ഉള്ളത്. ക്രീം കളറിൽ ഹൊറിസോ
ണ്ടൽ ഗ്രൂവ്സ് ഉള്ള വാൾ ടൈലാണ് ഇവിടെ
പയോഗിച്ചിരിക്കുന്നത്. ഐവറി നിറത്തിലുള്ള